പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ

23 (*53) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്:
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:
ശ്രീ. എം. ഉമ്മർ:
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര ഊർജ്ജ സ്രോതസുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനു വേണ്ടി തയ്യാറാക്കിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം നല്കാമോ;

(ബി) ഇതിന്റെ ഭാഗമായി ബോർഡ് വക റിസർവോയറുകളിലെ ജലപ്പരപ്പിൽ ഫ്ലോട്ടിംഗ് പാനലുകൾ സ്ഥാപിച്ച് സൗരോർജ്ജ വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതുപ്രകാരം നടപ്പാക്കിയ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി സൗരോർജ്ജ രംഗത്ത് അനെർട്ട് ആവിഷ്കരിച്ച, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികളും കെ.എസ്.ഇ.ബി. ലിമിറ്റഡ് വഴി നടപ്പിലാക്കുന്ന പദ്ധതികളും അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്.

(സി) 10KWp ശേഷിയുള്ള ഒരു ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് വയനാട് ജില്ലയിലെ ബാണാസുരസാഗർ ഡാമിന്റെ റിസർവോയറിൽ സ്ഥാപിച്ചിട്ടുണ്ട്. എനർജി, ഇന്നവേഷൻ സോണിലൂടെ (EIZ) സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ 'വാത്സ എനർജി' എന്ന സ്ഥാപനമാണ് ഇത് സ്ഥാപിച്ചത്. ഇതുകൂടാതെ, ഈ റിസർവോയറിൽ 500 KWp ശേഷിയുള്ള ഒരു ഫ്ലോട്ടിംഗ് സോളാർ പ്ലാന്റിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി അഡ്ടെക്ക് സിസ്റ്റംസ് എന്ന കമ്പനിയ്ക്കാണ് 9.245 കോടി രൂപയ്ക്ക് കരാർ നൽകിയിരിക്കുന്നത്. 7,05,680 യൂണിറ്റ് വൈദ്യുതിയാണ് പ്രതിവർഷം ഇവിടെനിന്നും ഉത്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly